(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം

1 [1] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് എന്നു പ്രാബല്യത്തിൽ വരും എന്നു വ്യക്തമാക്കാമോ;

(ഡി) രൂപീകരിക്കാനുദ്ദേശിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഡി) കേരള ഭരണപരിഷ്ക്കാര സമിതിയുടെ 1997-ലെ 9-ാമതു റിപ്പോർട്ടിൽ കേരള സിവിൽ സർവീസ് രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള ശുപാർശയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ അന്തിമതീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

മാതൃകാ സേവന കേന്ദ്രങ്ങൾ

2 [2] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണത്തിന്റെ ഭാഗമായി മാതൃകാ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സേവന മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) മാതൃകാ സേവന കേന്ദ്രങ്ങളിലൂടെ സർക്കാർ ലക്ഷ്യമാക്കുന്നതെന്താണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുവാൻ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾവഴി ജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ നിലവാരം ഉയർത്തി അവയെ മാതൃകാ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു സേവന പ്രദാന പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 27-11-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 346/03/പൊ.ഭ.വ. പ്രകാരം ഒരു സേവന പ്രദാന പദ്ധതിയ്ക്ക് (Service Delivery Project) അംഗീകാരം നൽകുകയും തുടർന്ന് 14-5-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 98/04/പൊ.ഭ.വ. പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത പട്ടിക പ്രകാരം ചുവടെ ചേർക്കുന്ന വിഭാഗം സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

സ്ഥാപനം		എണ്ണം
സെക്രട്ടറിയേറ്റ്		
ജില്ലാ കളക്ടറേറ്റുകൾ	..	14
ജില്ലാ ആശുപത്രികൾ	..	4
താലൂക്ക് ആശുപത്രികൾ	..	14
പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	..	99
കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	..	17
താലൂക്ക് ഓഫീസുകൾ	..	63
വില്ലേജ് ഓഫീസുകൾ	..	506
സബ് രജിസ്ട്രാർ ഓഫീസുകൾ	..	69
സർക്കാർ വി. എച്ച്. എസ്. സ്കൂളുകൾ	..	28
സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ	..	56
സർക്കാർ ഹൈസ്കൂളുകൾ	..	56
സർക്കാർ യു. പി. എസ്.	..	56
സർക്കാർ എൽ. പി. എസ്.	..	224
ഗ്രാമ പഞ്ചായത്തുകൾ	..	103
മുനിസിപ്പാലിറ്റികൾ	..	14
മുൻസിപ്പൽ കോർപ്പറേഷനുകൾ	..	5

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം		എണ്ണം
താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകൾ	..	69
പോലീസ് സ്റ്റേഷനുകൾ	..	57
വൃദ്ധ സദനങ്ങൾ	..	14
സാമൂഹ്യ ക്ഷേമ വകുപ്പിൻ കീഴിലെ മറ്റ് ക്ഷേമ സ്ഥാപനങ്ങൾ	..	34
അംഗൻവാടികൾ	..	1102

ഉത്തരവിന്റെ പൂർണ്ണരൂപം സർക്കാർ നവീകരണ പരിപാടിയുടെ ജാലികയായ (website) www.keralamgp.org-ൽ ലഭ്യമാണ്.

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾവഴി പൊതുജനത്തിന് പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് ലഭിക്കുന്ന സേവനത്തിന്റെ നിലവാരം ഉയർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ഡി) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി സർക്കാർ നവീകരണ പരിപാടിയുടെ മേൽനോട്ട സംവിധാനങ്ങളായ മുഖ്യമന്ത്രി അധ്യക്ഷനായ മന്ത്രിസഭാ ഉപസമിതിയും, ചീഫ് സെക്രട്ടറി അധ്യക്ഷനായ എം.ജി.പി. സ്റ്റിയറിംഗ് കമ്മിറ്റിയും, വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ വകുപ്പുതല സമിതികളും നിലവിലുണ്ട്. ഇത് കൂടാതെ സേവന പ്രദാന പദ്ധതിയ്ക്ക് മാത്രമായി ജില്ലാതല സമിതികളും സ്ഥാപനതല സമിതികളും രൂപീകരിക്കുന്നതാണ്.

മുഖ്യമന്ത്രി, വകുപ്പുമന്ത്രിമാർ അവരുടെ പേഴ്സണൽ സ്റ്റാഫ് എന്നിവരുടെ ചെലവ്

3 [3] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവരുടെ ചെലവിനത്തിൽ 2002-2003, 2003-2004 വർഷങ്ങളിൽ ബഡ്ജറ്റിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ 2000-2001-ൽ എന്തു തുകയാണ് ചിലവായത്;

(സി) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളം, യാത്രാബത്ത, ടെലിഫോൺ എന്നീ ഇനത്തിൽ 2002-2003, 2003-2004 വർഷങ്ങളിൽ എന്തു ചെലവ് ചെയ്തുവെന്നും 2000-2001 വർഷത്തിൽ ഈ ഇനങ്ങളിലുണ്ടായ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly